**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 432    26.04.2017-ൽ മറുപടിക്ക്**

## അന്തർസംസ്ഥാന ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായിട്ടുള്ള നികുതി വെട്ടിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി. ഉണ്ണി | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അന്തർസംസ്ഥാന ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായിട്ടുള്ള വഴികളിലൂടെ നികുതി വെട്ടിച്ച് വലിയ വാഹനങ്ങൾ അതിർത്തി കടന്നുവരുന്നത് നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | വാണിജ്യ നികുതി വകുപ്പിലെ വിവിധ അതിർത്തി ചെക്ക്പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നികുതിവെട്ടിപ്പ് തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ? | (ബി) | 1. വാണിജ്യ നികുതി വകുപ്പിലെ അതിർത്തി ചെക്ക്പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2. റെയിൽവേ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്. |

-2

| | | | |
|---|---|---|---|
| | | | 3. റെയിൽവേ വഴി സംസ്ഥാനത്തിനു പുറത്തേയ്ക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.<br>4. ബിൽ പരിശോധന, ഗോഡൗൺ പരിശോധന, ടൂറിസ്റ്റ് ബസുകൾ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവ പതിവായി നടത്തുന്നുണ്ട്.<br>5. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ഇന്റലിജൻസ് സ്ക്വാഡുകൾക്കും ചെക്ക്പോസ്റ്റുകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>6. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകംടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>7. അന്തർസംസ്ഥാന വിൽപനയുടെ കാര്യത്തിൽ സി-ഫോം വെരിഫൈ ചെയ്യുന്നതിനായി ഒരു പ്രത്യേക ടീമിനെ |

| | | | |
|---|---|---|---|
| | | | നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>8. ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലുമുള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ് വെയറിന്റെ വികസനം അവസാനഘട്ടത്തിലാണ്.<br>9. ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**